Prepp

Practice, Learn and Achieve Your Goal with Prepp

# UGC NET Exam

## Malayalam Single Column

Simplifying **Government Exams**

SSC CHSL | IAS EXAM | RRB NTPC | NTSE | CDS | SSC CGL | CBSE UGC NET | IBPS PO | NDA | SBI PO | IBPS CLERK | AFCAT | SSC JE | CTET | CSIR UGC NET | CAPF | IBPS RRB

www.prepp.in

# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ______________________
   (Name) ______________________
2. (Signature) ______________________
   (Name) ______________________

OMR Sheet No. : ..............................................
(To be filled by the Candidate)

Roll No. | | | | | | | | |
(In figures as per admission card)

Roll No.______________________________
(In words)

**J 2 2 1 2**

Time : **1 $^1/_4$** hours] [Maximum Marks : **100**

Number of Pages in this Booklet : **12** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Paper I Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, you will render yourself liable to disqualification.
9. You have to return the test question booklet and Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** (A) (B) ● (D)
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।**



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

# മലയാളം
# MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** മൂലദ്രാവിഡത്തിൽ നിന്ന് ആദ്യമേ വേർതിരിഞ്ഞ് വികസിച്ച ഭാഷ.
(A) തമിഴ് (B) തുളു
(C) കൊടക് (D) തൊദ

**2.** ഭാഷോല്പത്തി വിചാരത്തിൽ സംസ്കൃതജന്യവാദം ആദ്യം അവതരിപ്പിച്ചത്
(A) ലീലാതിലകകാരൻ (B) കോവുണ്ണി നെടുങ്ങാടി
(C) കാൾഡ്വൽ (D) ശേഷഗിരി പ്രഭു

**3.** 'തദുത്തമം ഭാഷാരസപ്രാധാന്യേ' – ഇവിടെ പ്രാധാന്യം ഏതിനൊക്കെയാണ് ?
(A) രസത്തിനും വാച്യാർത്ഥത്തിനും (B) സംസ്കൃതത്തിനും വാച്യാർത്ഥത്തിനും
(C) ഭാഷയ്ക്കും രസത്തിനും (D) സംസ്കൃതത്തിനും ഭാഷയ്ക്കും

**4.** ദ്രാവിഡസംഘാതപാഠത്തിലെ സ്വരങ്ങളുടെ എണ്ണം
(A) 12 (B) 8
(C) 11 (D) 14

**5.** 'ഗുരുവായൂരി'ന്റെ പൂർവ്വരൂപമായ 'കൊരവയൂർ' പരാമർശിക്കപ്പെടുന്ന കൃതി
(A) ഉണ്ണുനീലി സന്ദേശം (B) ശുക സന്ദേശം
(C) നാരായണീയം (D) കോക സന്ദേശം

**6.** ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | പൊരുചിലതന്നെ നമസ്കൃതി ചെയ്തഥ പൊടിയുമൊഴിഞ്ഞു തൊടുത്താൻ വാണം | (1) | കണ്ണശ്ശരാമായണം |
| (b) | പലനാൾ ചെന്നതു കാലം പുത്രർ ഭവിച്ചില്ലെന്നരചൻ ശോകിച്ചാൻ | (2) | ഭാരതമാല |
| (c) | കാർമുകിൽപോലെയവന്നു നിറംതന്നെ കാർകുഴലൊട്ടുണ്ടു കെട്ടിച്ചെമ്മേ | (3) | ഭാരതഗാഥ |
| (d) | സുരപതിസുതനുടെ ചിലയതുപൊഴുതു പറിച്ചുടനെ ഗംഗാ സുഖമൊടുജടയിലൊളിച്ചതു പൊഴുതി- ലണഞ്ഞു പിടിച്ചവനും | (4) | കൃഷ്ണഗാഥ |
| | | (5) | ഭാരതംപാട്ട് |

(A) a 2, b 1, c 4, d 5 (B) a 4, b 2, c 3, d 1
(C) a 3, b 4, c 2, d 5 (D) a 2, b 3, c 5, d 4



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**7.** ഇരവിക്കുട്ടിപ്പിള്ളപ്പോര് എന്ന കഥാഗാനം ഉപയോഗപ്പെടുത്തിയിരുന്ന നാടൻ കലാരൂപം.

(A) കോൽക്കളിപ്പാട്ട്  (B) അമ്മാനപ്പാട്ട്

(C) വില്ലടിച്ചാൻപാട്ട്  (D) പുള്ളുവൻപാട്ട്

**8.** ഹജൂർചെപ്പേടിന്റെ മറ്റൊരു പേര്

(A) വീരരാഘവപ്പട്ടയം  (B) തിരുവല്ല ശാസനം

(C) ജൂത ശാസനം  (D) പാർത്ഥിവപുരം ശാസനം

**9.** മഹാഭാരതം കിളിപ്പാട്ടിൽ എത്ര പർവ്വങ്ങളുണ്ട് ?

(A) 23  (B) 18

(C) 21  (D) 20

**10.** **കാര്യം** : ചിന്തയിലെ ലാഘവത്വം കൃഷ്ണഗാഥയുടെ മാറ്റ് കുറച്ചിട്ടുണ്ട്.

**കാരണം** : 1. ശബ്ദാലങ്കാരങ്ങളുടെ ധാരാളിത്തം.

2. ഫലിതപരിഹാസങ്ങളിൽ അമിതാവേശം.

3. ഭക്തിയുടെ അയത്നലളിതമായ പര്യപോഷണം

(A) കാര്യം പൂർണ്ണമായും ശരി, കാരണങ്ങൾ ഭാഗികമായി മാത്രം ശരി.

(B) കാര്യവും കാരണങ്ങളും തെറ്റ്.

(C) കാര്യത്തിലും കാരണങ്ങളിലും ഭാഗികമായി ശരിയുണ്ട്.

(D) കാര്യവും കാരണങ്ങളും പൂർണ്ണമായി ശരി.

**11.** കോട്ടയത്തു തമ്പുരാനുമായി ബന്ധപ്പെടാത്തത്.

(A) സലജ്ജോഹം  (B) ഏകലോചനം

(C) സുലളിതപദവിന്യാസം  (D) ഹസ്തേനഹസ്തതലമാർന്നസുഖം

**12.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | രാവണവിജയം | (1) | ഭീമൻ |
| (b) | നളചരിതം | (2) | സിംഹിക |
| (c) | നിവാതകവചകാലകേയവധം | (3) | രംഭ |
| (d) | കിർമ്മീരവധം | (4) | ദുര്യോധനൻ |
| | | (5) | ഉർവ്വശി |

(A) a 4, b 2, c 3, d 1  (B) a 3, b 1, c 5, d 2

(C) a 3, b 5, c 4, d 2  (D) a 1, b 3, c 2, d 5



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

13. **കാര്യം** : 'പടക്കള'ത്തിലെ കകാരം ഇരട്ടിക്കും. 'പടനില'ത്തിലെ നകാരം ഇരട്ടിക്കുന്നില്ല.

**കാരണം** : 1. ഉത്തരപദാദിയിലെ അനുനാസികം ഇരട്ടിക്കില്ല.

2. 'പടനിലം' തല്പുരുഷ സമാസം അല്ല.

3. 'പടനിലം' വിശേഷണവിശേഷ്യങ്ങളുടെ ചേർച്ചയല്ല.

(A) കാര്യം ശരി, കാരണങ്ങൾ തെറ്റ്.

(B) കാര്യവും കാരണം 1-ഉം ശരി.

(C) കാര്യവും, കാരണം 2-ഉം ശരി.

(D) കാര്യവും കാരണം 3-ഉം ശരി.

14. 'കേരളഭാഷാവ്യാകരണം' എന്ന പേരിൽ വ്യാകരണ ഗ്രന്ഥം എഴുതിയ രണ്ടുപേർ :

(A) പാച്ചുമൂത്തത്, പി.കെ. നാരായണപിള്ള

(B) പി.കെ. നാരായണപിള്ള, കെ. സുകുമാരപിള്ള

(C) പാച്ചുമൂത്തത്, ഇ.വി.എൻ. നമ്പൂതിരി

(D) ഇ.വി.എൻ. നമ്പൂതിരി, കെ. സുകുമാരപിള്ള

15. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ കാലക്രമം ഏത് ?

(A) രാമചന്ദ്രവിലാസം, രുഗ്മാംഗദചരിതം, ഉമാകേരളം, ശ്രീയേശു വിജയം

(B) ഉമാകേരളം, രുഗ്മാംഗദചരിതം, രാമചന്ദ്രവിലാസം, ശ്രീയേശു വിജയം

(C) ശ്രീയേശു വിജയം, രുഗ്മാംഗദചരിതം, രാമചന്ദ്രവിലാസം, ഉമാകേരളം

(D) രാമചന്ദ്രവിലാസം, ശ്രീയേശു വിജയം, രുഗ്മാംഗദചരിതം, ഉമാകേരളം

16. 'ഭൂരിപക്ഷത്തെ നോക്കിച്ചായേണം നമ്മളങ്ങോട്ട്.' ദ്വിതീയാക്ഷര പ്രാസവാദത്തെപ്പറ്റി ഉണ്ടായ കോലാഹലത്തിൽ ഇങ്ങനെ നിലപാട് എടുത്തത് ആര് ?

(A) വെണ്മണിമഹൻ (B) കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ

(C) കുഞ്ഞിക്കുട്ടൻ തമ്പുരാൻ (D) ഒറവങ്കര

17. കുണ്ടൂർ നാരായണമേനോന്റേതല്ലാത്ത പച്ചമലയാള കൃതി.

(A) കോമപ്പൻ (B) കണ്ണൻ

(C) പാക്കനാർ (D) ഒടി

18. പ്രേമംതാൻ പ്രപഞ്ചത്തിൻപ്രേഷ്ഠമാം ജീവാധാരം

പ്രേമത്തിന്നഭാവത്തിൽ ബ്രഹ്മാണ്ഡം നിശ്ചേതനം –

ഇത് ഏതു കൃതിയിൽ നിന്ന് ?

(A) ഭക്തിദീപിക (B) പ്രേമസംഗീതം

(C) ദീപാവലി (D) പ്രേമശില്പി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

19. വള്ളത്തോൾ പത്രാധിപത്യം വഹിച്ചിരുന്ന മാസിക.

(A) ജ്ഞാനോദയം (B) ഭാഷാപോഷിണി

(C) മലയാളി (D) കേരളോദയം

20. 'യുഗപരിവർത്തനം' എന്ന പേരിൽ കവിത എഴുതിയ കവികൾ.

(A) വൈലോപ്പിള്ളി, ഇടശ്ശേരി (B) വൈലോപ്പിള്ളി, ചങ്ങമ്പുഴ

(C) വൈലോപ്പിള്ളി, ഇടപ്പള്ളി (D) വൈലോപ്പിള്ളി, കുമാരനാശാൻ

21. പുടവയ്ക്കുപിടിച്ച തീചുഴ-
ന്നുടൽ കത്തുന്നൊരു ബാലപോലവൾ –
ഈ വരികൾ ആരുടെ ?

(A) വള്ളത്തോൾ (B) കുമാരനാശാൻ

(C) ചങ്ങമ്പുഴ (D) ഒ.എൻ.വി.

22. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | കേരളത്തിലെ നാടോടിനാടകങ്ങൾ | (1) | ചേലനാട്ട് അച്യുത മേനോൻ |
| (b) | കേരളത്തിലെ കാളീസേവ | (2) | എസ്.കെ. നായർ |
| (c) | വടക്കൻപാട്ടുകളുടെ പണിയാല | (3) | വി.എം. കുട്ടിക്കൃഷ്ണ മേനോൻ |
| (d) | കേരളത്തിലെ നടനകല | (4) | എം.ആർ. രാഘവ വാരിയർ |
| | | (5) | ചുമ്മാർ ചൂണ്ടൽ |

(A) a 3, b 4, c 5, d 1 (B) a 5, b 2, c 3, d 4

(C) a 1, b 5, c 4, d 3 (D) a 2, b 1, c 4, d 3

23. കവിയച്ഛൻ, കളിയച്ഛൻ എന്നീ കവിതകൾ എഴുതിയ കവികൾ

(A) ആറ്റൂർ, പി. കുഞ്ഞിരാമൻ നായർ

(B) വൈലോപ്പിള്ളി, ബാലാമണിയമ്മ

(C) വൈലോപ്പിള്ളി, പി. കുഞ്ഞിരാമൻ നായർ

(D) ബാലാമണിയമ്മ, പി. കുഞ്ഞിരാമൻ നായർ

24. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ നേടിയ ബാലാമണിയമ്മയുടെ കൃതി.

(A) കൂപ്പുകൈ (B) മുത്തശ്ശി

(C) മഴുവിന്റെ കഥ (D) വിഭീഷണൻ

25. അയ്യപ്പപ്പണിക്കരുടേതല്ലാത്ത കവിത

(A) എന്നേ മറന്നു കഴിഞ്ഞിരിക്കുന്നു ഞാൻ

(B) രാമൻ വാണാലും രാവണൻ വാണാലും

(C) ഗോപികാദണ്ഡകം

(D) കയറ്റം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

26. **കാര്യം** : വൈകാരികതയുടെ സംക്രമണം എന്ന ഉന്നതകാവ്യലക്ഷ്യം സാധ്യമാക്കാത്തതാണ് മലയാള സന്ദേശകാവ്യങ്ങളുടെ പ്രധാന ന്യൂനത.

**കാരണം** : 1. മലയാള സന്ദേശകാവ്യ കർത്താക്കൾ ഭാവനാ ദാരിദ്ര്യം ഉള്ളവരായിരുന്നു.

2. പ്രസ്ഥാനാനുകരണം മാത്രമായിരുന്നു സന്ദേശകാവ്യ കർത്താക്കളുടെ ലക്ഷ്യം.

(A) കാര്യം പൂർണ്ണമായും ശരി, കാരണം 1 ശരി.
(B) കാര്യവും, കാരണങ്ങളും തെറ്റ്.
(C) കാര്യം ഭാഗികമായി ശരി, കാരണങ്ങൾ രണ്ടും തെറ്റ്.
(D) കാര്യവും കാരണങ്ങളും പൂർണ്ണമായും ശരി.

27. 'ചിന്താരത്ന'ത്തിന് സംശോധിതസംസ്കരണം തയ്യാറാക്കിയത്.

(A) കെ. രാഘവൻ പിള്ള (B) പി.കെ. നാരായണ പിള്ള
(C) ഏ.ഡി. ഹരി ശർമ്മ (D) വടക്കുംകൂർ രാജരാജ വർമ്മ

28. ജി. ശങ്കരക്കുറുപ്പിന് ജ്ഞാനപീഠം ലഭിച്ച വർഷം.

(A) 1968 (B) 1969
(C) 1967 (D) 1965

29. ഒ.വി. വിജയന്റേതല്ലാത്ത രചന.

(A) പെരുമഴപോലെ (B) കടൽതീരത്ത്
(C) മൂന്നു യുദ്ധങ്ങൾ (D) അശാന്തി

30. സി.വി. രാമൻ പിള്ളയുടെ 'പ്രേമാമൃത'ത്തെ "ഉദാത്തമായ സർഗ്ഗശക്തിയുടെ ഉദാസീനമായ ദുർവ്യയം" എന്ന് വിശേഷിപ്പിച്ച നിരൂപകൻ.

(A) കെ. രാഘവൻ പിള്ള (B) കെ. ഭാസ്കരൻ നായർ
(C) എസ്. ഗുപ്തൻ നായർ (D) എം.പി. പോൾ

31. ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | പി. രാമൻ | (1) | നെഞ്ചുംവിരിച്ച് തലകുനിച്ച് |
| (b) | അനിത തമ്പി | (2) | കറുത്തകല്ല് |
| (c) | എസ്. ജോസഫ് | (3) | കനം |
| (d) | എം.എസ്. ബനേഷ് | (4) | ചിത്രഭൂപടം |
| | | (5) | മുറ്റമടിക്കുമ്പോൾ |

(A) a 3, b 5, c 2, d 1 (B) a 2, b 4, c 1, d 5
(C) a 3, b 2, c 4, d 1 (D) a 4, b 5, c 3, d 2



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**32.** സാഹിത്യഭൂഷണം, കാവ്യജീവിതവൃത്തി, കൈരളീധ്വനി – ഈ ഗണത്തിൽപ്പെടുത്താവുന്ന മറ്റൊരു കൃതി

(A) കാവ്യപീഠിക  (B) കവനകൗമുദി

(C) കവിതാധ്വനി  (D) മൃത്യുഞ്ജയം കാവ്യജീവിതം

**33.** 'ആലത്തൂർ മണിപ്രവാള'ത്തിലെ പ്രതിപാദ്യം

(A) ജ്യോതിഷം  (B) വൈദ്യം

(C) വ്യാകരണം  (D) മണിപ്രവാളചർച്ച

**34.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| (a) | കഥകളി രംഗം | (1) | മാടശ്ശേരി മാധവ വാരിയർ |
| (b) | കഥകളി വിജ്ഞാനകോശം | (2) | എസ്. കെ. നായർ |
| (c) | കഥകളി മഞ്ജരി | (3) | അയ്മനം കൃഷ്ണക്കൈമൾ |
| (d) | കഥകളിയും സാഹിത്യവും | (4) | കെ.പി.എസ്. മേനോൻ |
| | | (5) | എം.എച്ച്. ശാസ്ത്രി |

(A) a 3, b 1, c 2, d 5  (B) a 5, b 3, c 1, d 4

(C) a 4, b 3, c 2, d 1  (D) a 4, b 3, c 2, d 5

**35.** കേരളവർമ്മയുടെ സംസ്കൃത മഹാകാവ്യം

(A) ശ്രീ വിശാഖ വിജയം  (B) അമരുകശതകം

(C) പത്മനാഭ വിജയം  (D) ശ്രീചിത്ര വിജയം

**36.** പൗലിനോസ് പാതിരിയുടെ 'Adagia Malabarica' എന്ന കൃതിയുടെ ഉള്ളടക്കം

(A) പഴഞ്ചൊല്ലുകളും അവയുടെ ഇംഗ്ലീഷ് പരിഭാഷയും

(B) പഴഞ്ചൊല്ലുകളും അവയുടെ ലത്തീൻ പരിഭാഷയും

(C) പഴഞ്ചൊല്ലുകളും അവയുടെ ആശയവിവരണങ്ങളും

(D) പഴഞ്ചൊല്ലുകളുടെ മാത്രം സമാഹാരം

**37.** ആത്മകഥാസ്പർശിയായ 'തുടിക്കുന്ന താളു'കളുടെ കർത്താവ്.

(A) ഇടപ്പള്ളി രാഘവൻ പിള്ള  (B) വി.സി. ബാലകൃഷ്ണപ്പണിക്കർ

(C) ചങ്ങമ്പുഴ കൃഷ്ണ പിള്ള  (D) ബാലചന്ദ്രൻ ചുള്ളിക്കാട്

**38.** വയലാർ അവാർഡു ലഭിച്ചവർ, ശരിയായ കാലക്രമമേത് ?

(A) ഒ. വി. വിജയൻ, എം.കെ. സാനു, ആനന്ദ്, സി. രാധാകൃഷ്ണൻ

(B) സി. രാധാകൃഷ്ണൻ, എം.കെ. സാനു, ഒ. വി. വിജയൻ, ആനന്ദ്

(C) ഒ. വി. വിജയൻ, സി. രാധാകൃഷ്ണൻ, എം.കെ. സാനു, ആനന്ദ്

(D) സി. രാധാകൃഷ്ണൻ, ഒ. വി. വിജയൻ, എം.കെ. സാനു, ആനന്ദ്



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**39.** കാരൂരിന്റെ രചനകളുടെ പ്രത്യേകത.

1. ധ്വന്യാത്മകത
2. അതിവിസ്തരണം
3. മിതവചസ്കത
4. ഔചിത്യദീക്ഷ

(A) 1, 4 ശരി.
(B) 3, 4 ശരി.
(C) 1, 2 ശരി.
(D) 2 മാത്രം തെറ്റ്

**40.** ചെമ്മീൻ എന്ന നോവൽ സിനിമ ആക്കിയപ്പോൾ തിരക്കഥ എഴുതിയത്.

(A) എസ്. എൽ. പുരം
(B) തോപ്പിൽ ഭാസി
(C) തകഴി
(D) രാമു കാര്യാട്ട്

**41.** കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് പ്രചുരപ്രചാരം നല്കിയ വ്യക്തി

(A) കെ. എൻ. പണിക്കർ
(B) കെ.എം. പണിക്കർ
(C) പി.എൻ. പണിക്കർ
(D) ജി.എൻ. പണിക്കർ

**42.** വൃത്തം ഏത് ?

അനുനാസികമാദേശം
പിൻപ്രത്യയഖരത്തിന്
കൽടാവുകൾക്കില്ലിതത്രേ
അതിപ്രസരമെന്നത്

(A) അനുഷ്ടുപ്പ്
(B) വിയോഗിനി
(C) വസന്തതിലകം
(D) സ്രഗ്ദ്ധര

**43.** ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | കോകസ്ത്രീവിരഹത്തീയിൻ-<br>പുകയല്ലോതമസ്സിത് | (1) | രൂപകം |
| (b) | ഹന്ത ! ചന്ദ്രമുഖിക്കിന്നു<br>ചെന്തീയായിതു ചന്ദനം | (2) | രൂപകാതിശയോക്തി |
| (c) | സരോജയുഗളം കാൺക<br>ശരങ്ങൾ ചൊരിയുന്നിതാ | (3) | വിരോധാഭാസം |
| (d) | അപ്പക്കോൽ എലിതിന്നുമ്പോ-<br>ളപ്പത്തിൻ കഥയെന്തുതാൻ | (4) | ഉൽപ്രേക്ഷ |
| | | (5) | അർത്ഥാപത്തി |

(A) a 1, b 3, c 2, d 5
(B) a 1, b 4, c 3, d 5
(C) a 2, b 5, c 1, d 4
(D) a 2, b 5, c 3, d 1

**44.** എസ്.വി. വേണുഗോപൻനായരുടേതല്ലാത്ത കൃതി.

(A) ഗർഭശ്രീമാൻ
(B) ആദിശേഷൻ
(C) ഭൂമീപുത്രന്റെ വഴി
(D) കാകളി

**45.** 'അർത്ഥാന്തരന്യാസം' എഴുതിയത്

(A) വി. രാജകൃഷ്ണൻ
(B) കളർകോട്ട് വാസുദേവൻ നായർ
(C) ഇ.വി. രാമകൃഷ്ണൻ
(D) വി.സി. ശ്രീജൻ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

താഴെ കൊടുത്തിരിക്കുന്ന ഉപന്യാസഭാഗം വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറുകളിൽ കെട്ടഴിച്ചുവിടപ്പെട്ട ഉപഭോക്തൃ-സംസ്കാരത്തിന്റെ ത്വരകൾ മലയാളിയുടെ ജീവിതത്തിന്റെ അടിത്തറ തുരന്നുചെന്നതായും അവനെ പുതിയ മിഥ്യാമോഹങ്ങളിൽ കൊണ്ടെത്തിച്ചതായും സാമൂഹ്യശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിരിക്കുന്നു. ആഗോളവത്കരണത്തിന്റെ ഗതിവേഗത്തിൽപ്പെട്ട് മലയാളിക്ക് അവന്റെ വിത്തും മണ്ണും അന്യാധീനപ്പെടുന്ന അവസ്ഥ ഉടലെടുത്തുകഴിഞ്ഞതായി താക്കീതിന്റെ സ്വരത്തിൽ പലരും നമ്മോടു പറയാറുണ്ട്. സാങ്കേതികവിദ്യയിലുണ്ടായിട്ടുള്ള വളർച്ചയുടെയും ആഗോളവിപണിയു-മായി ബന്ധപ്പെട്ട ശക്തികളുടെ കടന്നുകയറ്റത്തിന്റെയും ഫലമായി ഒരു ജനതയുടെ ജീവിതോപരിതലത്തിൽ വിള്ളലുകൾ സംഭവിക്കുമ്പോൾ, സാഹിത്യകാരന്റെ സർഗ്ഗഭാവന വർദ്ധിച്ച വീറോടും ആവേശത്തോടുംകൂടി പണ്ടത്തെ വേരുകളിലേക്കു മടങ്ങിപ്പോയെന്നിരിക്കും. എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം വിദൂരഭൂതകാല-ത്തിന്റെ ഓർമ്മ പ്രതിരോധത്തിന്റെ രൂപവും പുനർനവീകരണത്തിന്റെ ഉപാധിയുമൊക്കെയായിത്തീരുന്ന ചില സന്ദർഭങ്ങളുണ്ട്. ഒ.വി. വിജയന്റെ *തലമുറകളും* (1997), കോവിലന്റെ *തട്ടകവും* (1995) ഈ വഴിക്കു ചിന്തിക്കാൻ പ്രേരണ തരുന്ന രണ്ടു കൃതികളാണ്.

എല്ലാത്തരം ഓർമ്മയുടെയും – അത് വ്യക്തിഗതമാകട്ടെ, അല്ലെങ്കിൽ സാംസ്കാരികവും ഗോത്രപരവുമായ മാനങ്ങളടങ്ങിയതാകട്ടെ – സാഹിത്യാവിഷ്കരണത്തിൽ അർത്ഥവത്തായ തെരഞ്ഞെടുപ്പിന്റേതായ (significant selection) ഒരംശമടങ്ങിയിട്ടുണ്ട്. ഈ ഘടകത്തിന്റെ അഭാവത്തിൽ ഓർമ്മയ്ക്ക് ആവർത്തനാത്മകമായ പരപ്പൻസ്വഭാവം കൈവരുന്നു. *തലമുറകൾ* വായിച്ചു കഴിഞ്ഞപ്പോൾ മനസ്സിൽ ആദ്യം കടന്നെത്തിയ ചിന്തയിതായിരുന്നു മൂന്നു തലമുറകളായി പരന്നുകിടക്കുന്ന ഒരു കുടുംബത്തിന്റെ ചരിത്രം ആഖ്യാനം ചെയ്യാനും അതിലൂടെ ബാഹ്യതലത്തിലെ മാറ്റങ്ങൾക്കിടയിൽ മനുഷ്യന്റെ യുക്തിക്കപ്പുറത്തുള്ള ചില അജ്ഞാതശക്തികളുടെ സാന്നിധ്യം വിളിച്ചറിയിച്ചുകൊണ്ട് ഊറിക്കൂടിനില്ക്കുന്ന ചില ദുരന്തജീവിതക്രമങ്ങൾ തെളിച്ചുകാട്ടാനുമുള്ള ശ്രമമാണ് വിജയൻ ഈ നോവലിൽ നടത്തുന്നത്. ജാതി എന്ന അടിസ്ഥാനഘടകത്തിലൂന്നിനിന്നുകൊണ്ട്, കൊളോണിയൽ കാലഘട്ടത്തിലെ മലബാറിലെ രാഷ്ട്രീയ യാഥാർത്ഥ്യത്തെ നോവലിസ്റ്റ് വ്യാഖ്യാനിക്കുന്ന രീതി ഈ കൃതിയുടെ പ്രത്യേകതകളിലൊന്നാണ്. അതേ സമയം ശില്പസംവിധാനത്തെ മുൻനിർത്തി ചിന്തിക്കുകയാണെങ്കിൽ നൂറുകൊല്ലം മുമ്പ് ഇംഗ്ലീഷ് നോവൽസാഹിത്യ-ത്തിൽ പ്രചാരം നേടിയ 'ഫാമിലി ക്രോണിക്കിളി'ൽനിന്ന് ഒട്ടും വ്യത്യസ്തമല്ല *തലമുറകൾ.* നേർവരയിലൂടെയുള്ള കാലക്രമമൊപ്പിച്ച കഥപറച്ചിൽ രീതി ആവർത്തനം നിറഞ്ഞതും വൃഥാസ്ഥൂലവുമായ ഒരാഖ്യാനശില്പത്തിനു വഴിയൊരുക്കുന്നു. വായനക്കാരന്റെ ഭാവനയ്ക്ക് എന്തെങ്കിലും കൂട്ടിച്ചേർക്കാൻ ഇടമനുവദിക്കാത്ത തരത്തിൽ തന്റെ കഥാസന്ദർഭങ്ങളുടെ പൊരുൾ, ആത്മീയധ്വനിയടങ്ങിയ മുഴക്കമുള്ള ചില വാക്കുകളും സംജ്ഞകളും വീണ്ടും വീണ്ടുമെടുത്തു പെരുമാറിക്കൊണ്ട്, പറഞ്ഞുറ-പ്പിക്കാനുള്ള നോവലിസ്റ്റിന്റെ അതിരുവിട്ട വാസന, പ്രമേയതലത്തിൽ തങ്ങിനില്ക്കുന്ന വിസ്മയം കലർന്ന കാവ്യാംശത്തെ ഞെരുക്കുന്നതായി നമുക്കനുഭവപ്പെടുന്നു. പ്രതിപാദനരീതിയെ സംബന്ധിച്ചിടത്തോളം ഇത്രയേറെ സാഹസികത കുറഞ്ഞതും പഴഞ്ചൻ സ്വഭാവം പുലർത്തുന്നതുമായ ഒരു നോവൽ കാഴ്ചവയ്ക്കുന്ന ആത്യന്തികമായ ഉൾക്കാഴ്ചകൾക്കു പുതുമ കുറവായത് ഒരു കണക്കിൽ സ്വാഭാവികമല്ലേ ?



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

*തട്ടകത്തിന്* ഉൾക്കട്ടി കുറഞ്ഞതിന്റെ കാരണങ്ങളും ഇതൊക്കെത്തന്നെയാണ്. *തോറ്റങ്ങൾ* എഴുതിയ കാലത്ത് കൈമുതലായുണ്ടായിരുന്ന രചനാകൗശലം കോവിലനെ കൈയൊഴിഞ്ഞതായി ഈ നോവൽ സാക്ഷ്യപ്പെടുത്തുന്നു. ഉന്മേഷം വറ്റിയ ഭാഷയും ഇഴഞ്ഞുനീങ്ങുന്ന വിവരണരീതിയും ഗോത്രസ്മൃതിയുടെ അടരുകൾ പരതിച്ചെന്ന് ഒരു പ്രദേശത്തിന്റെ ആദിമസത്ത വീണ്ടെടുക്കാനുള്ള നോവലിസ്റ്റിന്റെ മോഹത്തിനിടയിൽ വഴിമുടക്കി നില്ക്കുന്നു.

തലമുറകളിലൂടെ രൂപംകൊണ്ട കുടുംബചരിത്രം കുറിച്ചിടുന്നതിലൂടെ താൻ മനുഷ്യഭാഗധേയത്തെ സംബന്ധിക്കുന്ന മഹാസത്യങ്ങൾ അനാവരണം ചെയ്യുകയാണെന്നോ, അല്ലെങ്കിൽ വംശസ്മരണകളിലൂടെ ഊളിയിട്ടുചെന്നുകൊണ്ട് താൻ സമൂഹമനസ്സിന്റെ പഴംപൊരുൾ കണ്ടെത്താൻ ശ്രമിക്കുകയാണെന്നോ ഉള്ള അവകാശവാദത്തോടുകൂടിയല്ല അരുന്ധതി റോയ് തന്റെ 'ചെറിയ കാര്യങ്ങളുടെ ദൈവം' (*The God of Small Things, 1997*) ആരംഭിക്കുന്നത്. ഈ നോവലിലെ പ്രധാന കഥാപാത്രം കാലത്തിലൂടെ നടത്തുന്ന മടക്കയാത്രയ്ക്ക് വൈയക്തികവും ആത്മനിഷ്ഠവുമായ ഉള്ളടക്കമാണ് പ്രധാനമായുള്ളത്. ഇവിടെ സ്വത്വപ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഒരു സ്ത്രീ തന്റെ കുട്ടിക്കാലത്തിന്റെയും കൗമാരത്തിന്റെയും സ്മൃതി ചിത്രങ്ങൾ ഉറങ്ങിക്കിടക്കുന്ന തറവാട്ടിൽ തിരിച്ചെത്തി, തന്റെ ഇന്ദ്രിയങ്ങളുടെയും ഭാവനയുടെയും ജാലകങ്ങൾ മലർക്കെ തുറന്നിടുന്നു. വർത്തമാനത്തിൽ നിന്ന്. ഭൂതത്തിലേക്കും അവിടെ നിന്ന് തിരിച്ച് വർത്തമാന നിമിഷത്തിലേക്കും സന്ദിഗ്ദ്ധമായ ഭാവിയിലേക്കും ('നാളെ') മാറിമാറി സഞ്ചരിക്കുന്ന അവളുടെ മനസ്സിന്റെ മുകൾപ്പരപ്പിൽ, പരസ്പരം സ്നേഹിക്കുകയും പരിക്കേല്പിക്കുകയും വേർപിരിയുകയും ചെയ്ത ഉറ്റവരും ഉടയവരുമായ ഏതാനും വ്യക്തികളുടെ രൂപങ്ങൾ മങ്ങിയും തെളിഞ്ഞും കടന്നു വരുന്നു. ഓർമ്മകൾക്കിവിടെ നിയതസ്വഭാവമില്ല. ബാലമനസ്സിൽ ആഴത്തിൽ പതിഞ്ഞുകിടക്കുന്ന ചില ദൃശ്യപ്രതീതികൾ മുതിർച്ചയുടെ ഘട്ടത്തിലേക്കു നീളുന്നതു കാട്ടിത്തരികയും പ്രദേശത്തിന്റെ ചൈതന്യം (the spirit of the place) എന്നൊന്ന് ചിലരെ ജീവിതത്തിലുടനീളം പിന്തുടരുന്നതു ചിത്രീകരിക്കുകയും ചെയ്യുന്നതിലൂടെ നോവലെഴുത്തുകാരി ഓർമ്മയ്ക്ക് സംഗീതത്തിന്റെ താളാത്മകഭംഗി സമ്മാനിച്ചിരിക്കുന്നു. അരുന്ധതി റോയിയുടെ ഭാവനാഭൂപടത്തിന് അസ്പഷ്ടമോഹനമായ ഛായയാണുള്ളത്. നോവലിലെ നായിക പുനഃസന്ദർശിക്കുന്ന വീടിനുള്ളിലെ മൗനം കലമ്പൽകൂട്ടുന്ന മുറികളും അവിടത്തെ പലതരം സാധനങ്ങളും പുറത്തെ തെരുവീഥികളും ആറ്റിൻതീരവും നാം മുഴുവനായി ഉൾക്കൊള്ളുന്നതിനു മുമ്പ് നമ്മുടെ കൈപ്പിടിയിൽ നിന്നു വഴുതിനീങ്ങുകയും രണ്ടാംകാഴ്ചയിൽ അവ വേറൊരാകൃതി കൈക്കൊള്ളുകയും ചെയ്യുന്നു. വാസ്തുശില്പിയായ അരുന്ധതി റോയിയുടെ രൂപബോധവും ചലച്ചിത്രതിരക്കഥാകൃത്തായ അരുന്ധതി റോയിയുടെ ചിത്രസന്നിവേശരീതിയും ചേർന്ന് അവരുടെ വിവരണകലയ്ക്ക് തനതായൊരു വടിവു നല്കുന്നു. വാചാലതയുടെ അംശം തീർത്തും ഒഴിവാക്കിയ, ഓജസ്സു നിറഞ്ഞ ഒരു ഭാഷാശില്പം നിർമ്മിക്കുന്നതിൽ നോവലിസ്റ്റ് കണ്ടെത്തുന്ന ആഹ്ലാദം, നോവു നിറഞ്ഞ ഓർമ്മകളുടെ ചിത്രീകരണത്തെക്കൂടി മധുരമായ ഒന്നാക്കി മാറ്റുന്നു.

കോവിലനും വിജയനും പരാജയപ്പെട്ടിടത്ത് അരുന്ധതി റോയ് വിജയം വരിച്ചിരിക്കുന്നു എന്ന് തുറന്നരശ്ശായി പ്രസ്താവിക്കലല്ല എന്റെ ലക്ഷ്യം. 'ചെറിയ കാര്യങ്ങളുടെ ദൈവ'ത്തിനു ലഭിച്ച അന്തർദ്ദേശീയാംഗീകാരത്തിൽ നിന്ന് നമ്മുടെ എഴുത്തുകാർക്ക് ചില സൂചനകൾ ഉൾക്കൊള്ളാനുണ്ട് എന്നു മാത്രമാണ് ഞാനിവിടെ പറയുന്നത്. തങ്ങളുടെ അടിസ്ഥാനസജ്ജീകരണത്തിന്റെ ചില പരിമിതികളിലേക്കും പരാധീനതകളിലേക്കും അവരുടെ ശ്രദ്ധ തിരിച്ചുവിടാൻ ഇത് സഹായിച്ചേക്കും.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

46. ‘തലമുറകൾ’ വായിച്ച ലേഖകന്റെ മനസ്സിൽ ആദ്യം കടന്നെത്തിയ ചിന്ത.

(A) മലയാളിയുടെ ജീവിതോപരിതലത്തിൽ സംഭവിച്ച വിള്ളലുകൾ

(B) സാഹിത്യവിഷ്കരണത്തിൽ വിജയൻ നടത്തിയ അർത്ഥവത്തായ തെരഞ്ഞെടുപ്പ്

(C) ആഗോള വിപണിയുമായി ബന്ധപ്പെട്ട ശക്തികളുടെ കടന്നുകയറ്റം സാഹിത്യത്തിൽ

(D) ഓർമ്മയ്ക്കു കൈവരുന്ന ആവർത്തനാത്മകമായ പരപ്പൻ സ്വഭാവം

47. **കാര്യം** : ആവർത്തനം നിറഞ്ഞതും വൃഥാസ്ഥൂലവുമായ ആഖ്യാനശില്പമാണ് ‘തലമുറക’ളുടേത്.

**കാരണം** : 1. നേർവരയിലൂടെയുള്ള കാലക്രമമൊപ്പിച്ച കഥപറച്ചിൽ രീതി.
2. പറഞ്ഞുറപ്പിക്കാനുള്ള നോവലിസ്റ്റിന്റെ അതിരുവിട്ട വാസന.
3. ജാതിസംബന്ധിയായ ചർച്ചകൾക്ക് നോവലിൽ കൊടുത്ത അമിതമായ ഇടം.

(A) കാര്യം തെറ്റ്, കാരണങ്ങൾ ഭാഗികമായി മാത്രം ശരി.

(B) കാര്യം ശരി, കാരണങ്ങളിൽ 1-ഉം 2-ഉം ശരി.

(C) കാര്യകാരണങ്ങൾ പൂർണ്ണമായും തെറ്റ്.

(D) കാര്യവും, കാരണങ്ങളും ഭാഗികമായി ശരി.

48. ‘ചെറിയ കാര്യങ്ങളുടെ ദൈവ’ത്തിന് തനതായ വടിവ് നല്കുന്ന ഘടകങ്ങൾ.

1. വാസ്തുശില്പ സമാനമായ രൂപബോധം
2. മനുഷ്യ ഭാഗധേയത്തെ സംബന്ധിക്കുന്ന മഹാസത്യങ്ങളുടെ അനാവരണം
3. പ്രധാന കഥാപാത്രത്തിന്റെ സ്വത്വപ്രതിസന്ധി
4. സിനിമയിലെ ചിത്രസന്നിവേശ രീതി

(A) 1 മാത്രം ശരി. (B) 2-ഉം 3-ഉം ശരി.

(C) 1-ഉം 4-ഉം ശരി. (D) 2 മാത്രം ശരി.

49. **കാര്യം** : ‘തട്ടകം’ എന്ന നോവലിന് ഉൾക്കട്ടി ഇല്ല.

**കാരണം** : 1. ഗോത്രസ്മൃതികളുടെ അടരുകൾ തേടുന്നതിൽ സംഭവിച്ച വീഴ്ച.
2. ഉന്മേഷം വറ്റിയ ഭാഷയും ഇഴഞ്ഞുനീങ്ങുന്ന വിവരണരീതിയും.
3. അതിരു കടന്ന വൈയക്തികതയും ആത്മനിഷ്ഠതയും.

(A) കാര്യം ശരി, കാരണങ്ങളെല്ലാം തെറ്റ്.

(B) കാര്യം ശരി, കാരണങ്ങൾ 1-ഉം 3-ഉം ശരി.

(C) കാര്യം ഭാഗികമായും ശരി, കാരണങ്ങളും.

(D) കാര്യം ശരി, കാരണം 2-മാത്രം ശരി.

50. ലേഖകന്റെ നിരൂപണരീതി

1. വിവരണാത്മകം 2. അപഗ്രഥനാത്മകം
3. ആസ്വാദനാത്മകം 4. താരതമ്യാത്മകം

(A) 1-മാത്രം ശരി (B) 2-ഉം 4-ഉം ശരി

(C) 2-മാത്രം ശരി (D) 3-ഉം 4-ഉം ശരി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

Prepp

# Latest Sarkari jobs, Govt Exam alerts, Results and Vacancies

- Latest News and Notification
- Exam Paper Analysis
- Topic-wise weightage
- Previous Year Papers with Answer Key
- Preparation Strategy & Subject-wise Books

To know more **Click Here**

www.prepp.in